**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1199** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ കാർഷിക മേഖലയുടെ ആധുനികവൽക്കരണവും വിപണന സംവിധാനവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ്
ശ്രീ. ഷിബു തെക്കുംപുറം
ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കാർഷികോല്പാദന രീതികളും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനവും ആധുനികവൽക്കരിക്കാൻ ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കർഷകർക്ക് അവരുടെ ഭൂമിയിൽ നിന്നും നല്ല വിളവ് ലഭിക്കുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളിൽ നിന്നും ഉറപ്പായ വരുമാനം ലഭിക്കുന്നതിനും സംസ്ഥാനത്ത് കാർഷികോല്പാദന രീതികളിലും കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനങ്ങളിലും ആധുനികവൽക്കരണം അനിവാര്യമാണ്.

2026-27 കാലയളവിൽ, കാർഷിക മേഖലയിലെ പുതിയ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ₹150.00 ലക്ഷം രൂപ 'സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കൃഷി' എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ലഭ്യമായ വിഭവങ്ങളിൽ നിന്നും പരമാവധി ലാഭം കർഷകർക്ക് ലഭിക്കുന്നതിനും, കീട-രോഗ നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും, കൃഷി ചെലവ് കുറയ്ക്കുന്നതിനും, കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും നിർമ്മിത ബുദ്ധി (AI), ഡ്രോണുകൾ, IoT ഉപകരണങ്ങൾ, സെൻസറുകൾ, സ്മാർട്ട് ഇറിഗേഷൻ സിസ്റ്റം പ്രിസിഷൻ ഫാമിംഗ് സിസ്റ്റം എന്നിവ പ്രദർശിപ്പിക്കുന്നതിനും ഇവയുടെ സ്വീകാര്യത കർഷക സമൂഹത്തിൽ കൂട്ടുന്നതിനും ഈ പദ്ധതി പിന്തുണ നൽകും. ആധുനികവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും, സംസ്ഥാനത്തുടനീളം സുസ്ഥിരവും, ഡാറ്റാധിഷ്ഠിതവുമായ വിള ഉൽപാദനം ഉറപ്പാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനം ആധുനികവത്ക്കരിക്കാൻ ലക്ഷ്യമിട്ട് ഹോർട്ടികോർപ്പ് മുഖേന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ പ്രാഥമിക സംസ്കരണം നടത്തി പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന മാലിന്യവും അവശിഷ്ട വിഷാംശവും നീക്കി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനായി രണ്ടു ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസുകൾ ഇടുക്കി ജില്ലയിലെ മൂന്നാറിലും എറണാകുളം ജില്ലയിലെ കാക്കനാട്ടും സജ്ജമാക്കി വരുന്നു. എറണാകുളത്തിന്റെ പായ്ക്ക് ഹൗസിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇവിടെ സംസ്കരിക്കുന്ന പച്ചക്കറികൾ ശീതീകരണ സംവിധാനം വഴി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

വി.എഫ്.പി.സി.കെ 2026-27 സാമ്പത്തിക വർഷം കാർഷികോൽപാദനരീതികൾ ആധുനീകവൽക്കരിക്കാൻ ലക്ഷ്യമിട്ട് കൃത്യതാ കൃഷി പ്രോത്സാഹനം, സൗരോർജ്ജവേലി നിർമ്മാണം എന്നിവയ്ക്കായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ മാർക്കറ്റ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ യുടെ തെരഞ്ഞെടുക്കുന്ന സ്വാശ്രയ കർഷക സമിതികളിൽ ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളും ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത സമിതികളിൽ ഡിജിറ്റലൈസേഷൻ കൊണ്ടുവരുന്നതിലൂടെ വിപണന ഇടപെടലുകൾ കൂടുതൽ വേഗത്തിലാക്കാനും ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഉൽപ്പന്നങ്ങളുടെ കൈകാര്യ നഷ്ടം കുറയ്ക്കുവാനും സാധിക്കുന്നതാണ്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ചില്ലറ വില്പനശാലകൾ (റീറ്റെയ്ൽ ഔട്ട് ലെറ്റ്സ്), റീട്ടെയിൽ കൗണ്ടറുള്ള പരിഷ്കരിച്ച റീട്ടെയിൽ റീഫർ വാൻ (ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുമായി ബന്ധിപ്പിക്കേണ്ടതാണ്) എന്നീ ഘടകങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വിശദമായ പദ്ധതി രേഖ (DPR) അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

വിപണന സംവിധാനം ആധുനികവത്ക്കരിക്കാൻ 2022 മുതൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് AIF (Agriculture Infrastructure Fund) 2026 മാർച്ച് 31-ന് അവസാനിക്കേണ്ടിയിരുന്ന പദ്ധതി 2026 സെപ്റ്റംബർ വരെയോ / പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രഖ്യാപിക്കുന്ന തീയതി വരെയോ, ഏതാണ് ആദ്യം വരുന്നത് വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**(ബി)** കാർഷിക മേഖലയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കുറഞ്ഞ സ്ഥലത്തും കുറഞ്ഞ ചെലവിലും കൂടുതൽ ഉല്പാദനം സാധ്യമാക്കുംവിധം യന്ത്രവൽക്കരണവും സാങ്കേതികവിദ്യയുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് കാർഷിക മേഖലയിലെ ആധുനികവൽക്കരണവും ഉൽപ്പാദനക്ഷമത വർധനവും ലക്ഷ്യമാക്കി കുറഞ്ഞ സ്ഥലത്തും കുറഞ്ഞ ചെലവിലും കൂടുതൽ ഉൽപ്പാദനം സാധ്യമാക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണവും നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗവും വ്യാപകമായി പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പദ്ധതിയിലൂടെ ട്രാക്ടറുകൾ, പവർ ടില്ലറുകൾ, പമ്പ് സെറ്റുകൾ, റീപ്പറുകൾ, ട്രാൻസ്പ്ലാന്ററുകൾ, സ്പ്രേയറുകൾ, കൊയ്ത്ത് യന്ത്രങ്ങൾ, ഡ്രോണുകൾ, വിളസംസ്കരണ യന്ത്രങ്ങൾ തുടങ്ങിയ ആധുനിക കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കർഷകർക്ക് സബ്സിഡിയോടെ ലഭ്യമാക്കുന്നു. പൊതുവിഭാഗത്തിൽപ്പെട്ട കർഷകർക്ക് അംഗീകൃത വിലയുടെ 40% വരെയും പട്ടികജാതി, പട്ടികവർഗ്ഗം, ചെറുകിട-നാമമാത്ര കർഷകർ, വനിതാ കർഷകർ എന്നിവർക്ക് 50% വരെയും സബ്സിഡി അനുവദിച്ചുവരുന്നു. വനാവകാശ നിയമം (FRA) പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വിവിധ ഘടകങ്ങളിൽ 90% വരെ സബ്സിഡിയും ലഭ്യമാണ്.

കൂടാതെ, കർഷക കൂട്ടായ്മകൾ, സ്വയംസഹായ സംഘങ്ങൾ (SHG), ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), പഞ്ചായത്തുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കാർഷിക സേവനം ലഭ്യമാക്കുന്നതിനായി കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കാൻ പദ്ധതി ചെലവിന്റെ 40% വരെ ധനസഹായവും ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് പരമാവധി 80% വരെ സബ്സിഡിയും

അനുവദിച്ചുവരുന്നു. ഇതുവഴി സ്വന്തമായി യന്ത്രങ്ങൾ വാങ്ങാൻ കഴിയാത്ത ചെറുകിട, നാമമാത്ര കർഷകർക്കും കുറഞ്ഞ നിരക്കിൽ യന്ത്രസേവനം ലഭ്യമാകുന്നു.

സംസ്ഥാനത്ത് 2018-19 മുതൽ 2025-26 വരെ 1,49,411 കർഷകർക്ക് കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ 15 കസ്റ്റം ഹയറിംഗ് സെന്ററുകളും 1,562 ഫാം മെഷിനറി ബാങ്കുകൾ/കമ്മ്യൂണിറ്റി മെക്കനൈസേഷൻ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ കാലയളവിൽ പദ്ധതിയിലൂടെ ₹517.59 കോടി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ഡ്രോൺ അധിഷ്ഠിത വിളപരിപാലനം, യന്ത്രവത്കൃത നടീൽ, കൊയ്ത്ത്, വിളസംരക്ഷണ പ്രവർത്തനങ്ങൾ, ഡിജിറ്റൽ നിരീക്ഷണ സംവിധാനങ്ങൾ, ശാസ്ത്രീയ ജല-പോഷക നിയന്ത്രണ രീതികൾ എന്നിവയും പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതുവഴി കാർഷിക തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവഹിക്കുന്നതിനും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

**(സി)** കൃഷിഭവനുകളുടെ പ്രവർത്തനം ഡിജിറ്റൽവൽക്കരിക്കുന്നതിനും ഇതുവഴി ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ സമയം കൃഷിയിടങ്ങളിൽ നേരിട്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

**മറുപടി:** കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ കേരളത്തിലെ കർഷകർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും ലഭ്യമാണ്. ഇതിനായി രണ്ടു പ്രധാന ഡിജിറ്റൽ സങ്കേതങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.

1. AIMS (Agriculture Information Management System) (അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) പോർട്ടൽ

കേരളത്തിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പ്രധാന പദ്ധതി അധിഷ്ഠിത സേവന വിതരണ പോർട്ടലാണ് അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS). കൃഷിവകുപ്പിന്റെ എല്ലാ പദ്ധതികളും വേഗത്തിലും സുതാര്യമായും ഓൺലൈനായി ജനങ്ങളിലേക്ക് എത്തിക്കാൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ച ഈ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പണം, ഉദ്യോഗസ്ഥ പരിശോധന, അനുമതി നൽകൽ, നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം (DBT) എന്നിവ പൂർണ്ണമായി ഡിജിറ്റലായി നിർവ്വഹിക്കുന്നു. നിലവിൽ വികസിപ്പിച്ച എയിംസ് രണ്ടാം പതിപ്പിൽ (AIMS v2.0) കോഡിംഗ് ഇല്ലാതെ തന്നെ ഏത് സേവനവും എളുപ്പത്തിൽ ഉൾപ്പെടുത്താൻ സാധിക്കും. പഴയ പതിപ്പിൽ നിന്നുള്ള പ്രധാന സേവനങ്ങളെ പുതിയതിലേക്ക് മാറ്റുന്ന പ്രക്രിയ പുരോഗമിക്കുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസം, സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും നഷ്ടപരിഹാരവും, നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി, പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി, ഒരു ലക്ഷം യുവജന പദ്ധതി പെൻഷൻ എന്നിവയാണ് നിലവിൽ ഇതിലൂടെ ലഭ്യമാകുന്ന പ്രധാന സേവനങ്ങൾ. ശേഷിക്കുന്ന പദ്ധതികൾ AIMS മുഖേന ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നിലവിൽ നടന്നു വരുന്നു.

2. KATHIR (Kerala Agriculture Technology Hub and Information Repository) ഇവ രണ്ടിനും വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

(കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ് ആൻഡ് ഇൻഫർമേഷൻ റിപ്പോസിറ്ററി)

കേന്ദ്ര അഗ്രിസ്റ്റാക്കിന്റെ ഘടനയ്ക്ക് സമാന്തരമായി കേരള സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവരശേഖരണത്തിനും പദ്ധതി രൂപീകരണത്തിനും ഗവേഷണങ്ങൾക്കുമായി

ആവിഷ്കരിച്ചിട്ടുള്ള GIS അധിഷ്ഠിത ഡാറ്റാ ഹബ്ബും തീരുമാന പിന്തുണാ സംവിധാനവുമാണ് കതിർ (KATHIR). സ്കീം അധിഷ്ഠിത ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ എയിംസ് പോർട്ടൽ ഉപയോഗിക്കുമ്പോൾ, കതിർ പ്രധാനമായും കാർഷിക ഉപദേശങ്ങൾ, മണ്ണ് പരിശോധന, കാർഷിക ഉപകരണങ്ങൾ, വിത്തുകൾ, വളങ്ങൾ തുടങ്ങിയ സമഗ്ര സേവനങ്ങളിലേക്കാണ് ഉറ്റുനോക്കുന്നത്. വെബ് പോർട്ടലിലും മൊബൈൽ ആപ്പിലും ആയി നിലവിൽ 13 ലക്ഷത്തിലധികം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ കർഷകർക്കുമായുള്ള ഏകീകൃത തിരിച്ചറിയൽ കാർഡായ കർഷക ഐഡി കാർഡും, കൃത്യമായ പദ്ധതി ആസൂത്രണത്തിനുള്ള വിവരശേഖരണ ഡാറ്റാബേസും നിലവിൽ ലഭ്യമാണ്. വരും ഘട്ടങ്ങളിൽ പേപ്പർ രഹിത മണ്ണ് പരിശോധന, കീട-രോഗ പരിഹാരത്തിനുള്ള വിള ഡോക്ടർ, ഓൺലൈൻ വിപണന സൗകര്യം, റിമോട്ട് സെൻസിങ് വഴിയുള്ള വിള നിരീക്ഷണം, കാർഷിക യന്ത്രവത്കരണ അപേക്ഷകൾ, ഉല്പാദനോപാധികളുടെ വിവര ലഭ്യത എന്നിവയും ലഭ്യമാക്കും. മൊബൈൽ ആപ്പിന് പുറമെ കർഷകരുടെ കൈവെള്ളയിൽ സേവനങ്ങൾ എത്തിക്കാനായി വാട്സാപ്പ് സേവനങ്ങളും സംസാരിച്ച് വിവരങ്ങൾ ലഭ്യമാകുന്ന AI ചാറ്റ്ബോട്ട് സംവിധാനവും വികസന ഘട്ടത്തിലാണ്.

3. ഇ-ഓഫീസ്

കർഷകരിൽ നിന്ന് ലഭിക്കുന്ന പരാതികളും നിവേദനങ്ങളും ഇ ഓഫീസ് മുഖേന ഡിജിറ്റലൈസ് ചെയ്തു സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്യുന്നു. നിലവിൽ കൃഷിഭവനുകൾ ഉൾപ്പെടെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസ് ഉപയോഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ഫാർമർ രജിസ്ട്രി

കേന്ദ്ര ഗവൺമെന്റിന്റെ അഗ്രിസ്റ്റാക്ക് പ്ലാറ്റ്ഫോമിന്റെ ഭാഗമായി രാജ്യത്തെ കർഷകരെയും കാർഷിക മേഖലയെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്ന സുപ്രധാന പദ്ധതിയാണ് ഫാർമർ രജിസ്ട്രി. കർഷകരുടെ വ്യക്തിവിവരങ്ങൾ, ഭൂമിയുടെ രേഖകൾ, കൃഷി വിവരങ്ങൾ എന്നിവ കോർത്തിണക്കി തയ്യാറാക്കുന്ന ഈ കേന്ദ്രീകൃത ഡാറ്റാബേസ് വഴി ഓരോ കർഷകനും ആധാറിന് സമാനമായ 'ഡിജിറ്റൽ ഫാർമർ ഐഡി' ലഭ്യമാക്കുന്നു. പി.എം. കിസാൻ, വിള ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഇടനിലക്കാരില്ലാതെ കൃത്യമായി കർഷകരിലേക്ക് എത്തിക്കാനും വ്യാജന്മാരെ ഒഴിവാക്കി സുതാര്യത ഉറപ്പാക്കാനും ഡാറ്റാധിഷ്ഠിത ആസൂത്രണം നടത്താനും കേന്ദ്ര സർക്കാർ ഇത് വഴി ഉദ്ദേശിക്കുന്നു. വില്ലേജ്-കൃഷിഭവൻ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ പേപ്പർ രഹിതമായി കെ.സി.സി ബാങ്ക് ലോണുകളും മറ്റ് സേവനങ്ങളും വേഗത്തിൽ ലഭിക്കാനും, മണ്ണ് പരിശോധനാ ഫലങ്ങളും വിപണി വിവരങ്ങളും ഫോണിൽ നേരിട്ട് ലഭിക്കാനും ഇത് കർഷകരെ സഹായിക്കും. ഫീൽഡ് തലത്തിൽ പോകാതെ തന്നെ അപേക്ഷകരുടെ വിവരങ്ങൾ നിമിഷങ്ങൾക്കകം ഡിജിറ്റലായി പരിശോധിക്കാൻ കഴിയുന്നു.

ഉദ്യോഗസ്ഥരുടെ ഭരണപരമായ ജോലി ഭാരം കുറയ്ക്കാനും ഫയലുകളുടെ കുന്നുകൂടൽ ഒഴിവാക്കാനും മേൽപറഞ്ഞ സംവിധാനങ്ങളിലൂടെ സാധിക്കുന്നു.

**(ഡി)** കാർഷികോല്പന്നങ്ങളുടെ വിലയിലെ സ്ഥിരതയില്ലായ്മ നേരിടുന്നതിനും മെച്ചപ്പെട്ട വില ലഭിക്കുന്നതുവരെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുമായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഹോർട്ടികോർപ്പ് മുഖേന സംഭരിക്കുന്ന പഴം-പച്ചക്കറികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ സഹകരണത്തോടു

കൂടി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും പഞ്ചായത്ത് / കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളിലും 1232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചു. അതോടൊപ്പം ഹോർട്ടികോർപ്പിന് പഴം-പച്ചക്കറികൾ വിൽക്കുന്നതിന് സന്നദ്ധമായ കർഷകരെ ഉൾപ്പെടുത്തി കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളുടെ കീഴിൽ 1000 -ൽ പരം ഫാം ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണത്തിനായി ഇടുക്കി ജില്ലയിലെ മൂന്നാറിലും എറണാകുളം ജില്ലയിലെ കാക്കനാട്ടും പ്രാഥമിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്ന തോടൊപ്പം ശീതീകരണ സംവിധാനത്തോടു കൂടിയ കോൾഡ് ഔട്ട്ലെറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വി.എഫ്.പി.സി.കെ യുടെ 298 വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതു വഴി ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവുന്നതാണ്. നിലവിൽ വി .എഫ്.പി.സി.കെയ്ക്ക് സംഭരണകേന്ദ്രങ്ങൾ ഇല്ല.

കാർഷികോല്പന്നങ്ങളുടെ വിലയിലെ അസ്ഥിരത നേരിടുന്നതിനും മെച്ചപ്പെട്ട വില ലഭിക്കുന്നതുവരെ ഉൽപന്നങ്ങൾ സംഭരിക്കുന്നതിനുമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഫാം ഗേറ്റ് പാക്ക്ഹൗസ്, കൺവെയർ ബെൽറ്റ് സോർട്ടിംഗ്, ഗ്രേഡിംഗ്, വാഷിംഗ്, ഡ്രൈയിംഗ്, വെയിംഗ് സ്കെയിൽ, HPT, സ്റ്റാക്കിംഗ് (ക്രേറ്റുകൾ), ഡോക്ക് ലെവലർ സിസ്റ്റം, പ്രീകൂളിംഗ് (ആവശ്യമെങ്കിൽ), കോൾഡ് റൂം ട്രാൻസിറ്റ്, റീഫർ വാൻ എന്നിവയുള്ള 18 മീറ്റർ x 22 മീറ്റർ വിസ്തീർണമുള്ള ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസ്, ശേഖരണ കേന്ദ്രം (കളക്ഷൻ ആൻഡ് അഗ്രിഗേഷൻ സെന്റർ) - കൺവെയർ ബെൽറ്റ് സോർട്ടിംഗ്, ഗ്രേഡിംഗ്, വാഷിംഗ്, ഡ്രൈയിംഗ്, വെയിംഗ് ബ്രിഡ്ജ്, ഓട്ടോമേറ്റഡ് കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം, HPT, BOPT, സ്റ്റാക്കിംഗ് (ക്രേറ്റുകൾ), ഡോക്ക് ലെവലർ സിസ്റ്റം, പ്രീകൂളിംഗ് (ആവശ്യമെങ്കിൽ), കോൾഡ് റൂം ട്രാൻസിറ്റ് എന്നിവയുള്ള 22 മീറ്റർ x 26 മീറ്റർ വിസ്തീർണ സൗകര്യങ്ങളുള്ള കേന്ദ്രം എന്നീ ഘടകങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വിശദമായ പദ്ധതി രേഖ (DPR) അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

AIF വായ്പ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്കും സംരംഭകർക്കും മെച്ചപ്പെട്ട ഉത്പന്ന വില ലഭിക്കുന്നതിനായി മൂല്യ വർധനയും, സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്.

**(ഇ)** കാർഷികോല്പന്നങ്ങൾക്ക് അവയുടെ ഉല്പ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി വിലനിർണയം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**